പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** 17-2-2016 ൽ മറുപടിക്ക്

## സ്റ്റീൽ വ്യവസായ മേഖലയുടെ തകർച്ചയെക്കുറിച്ച് പഠനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബി.ഡി.ദേവസ്സി**<br>**ശ്രീ. എളമരം കരീം**<br>**ശ്രീമതി. കെ.എസ്.സലീഖ**<br>**ശ്രീ.കെ.വി. വിജയദാസ്** | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സ്റ്റീൽ വ്യവസായ മേഖലയുടെ തകർച്ചയുടെ കാരണത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശംനൽകുമോ; | (എ) | സ്റ്റീൽ വ്യവസായ മേഖലയുടെ തകർച്ചയുടെ കാരണങ്ങൾ സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല. |
| (ബി) | സ്റ്റീൽ വ്യവസായ സ്ഥാപനങ്ങളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ: | (ബി) | നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ട്.<br>ഇറക്കുമതി ചുങ്കം കുറച്ചത് മൂലം വിദേശരാജ്യങ്ങളിൽ നിന്നുള്ള അനിയന്ത്രിതമായ ക്രൂഡ് സ്റ്റീലിന്റെ ഇറക്കുമതി ലോകത്തിലെ തന്നെ മൂന്നാമത്തെ സ്റ്റീൽ ഉൽപ്പാദക രാജ്യമായ ഇൻഡ്യയിലെ സ്റ്റീൽ വ്യവസായമേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതിയിലുണ്ടായിട്ടുള്ള വർദ്ധനവ്, ഉൽപ്പാദനച്ചെലവിനു ആനുപാതികമായി വില ലഭിക്കാത്തത്, ഉൽപ്പാദനമേഖലയിലുണ്ടായിട്ടുള്ള മാന്ദ്യം, നിർമ്മാണമേഖലയിലെ വലിയ പദ്ധതികൾ തീർപ്പാക്കുന്നതിലുണ്ടാകുന്ന കാലതാമസം എന്നിവ സ്റ്റീൽ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (സി) | സ്റ്റീൽ വ്യവസായ യൂണിറ്റുകളിൽ മുഖ്യപങ്ക് വഹിക്കുന്ന കഞ്ചിക്കോട് മേഖലയിൽ സ്റ്റീൽ വ്യവസായ പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ട കുടുംബങ്ങളുടെ സ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | (സി) | ഇത് സംബന്ധിച്ച് തൊഴിൽ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത വ്യവസായ സ്ഥാപനങ്ങളുടെ സംഘടനാ പ്രതിനിധികളുമായി ഇക്കാര്യം സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ